# ന്യൂലൈഫ്
**ബൈബിൾ പഠന കോഴ്സ്**

## രക്ഷ
### യൂണിറ്റ് B

## പഠനം 1. മിസ്രയിമിലെ അടിമത്വത്തിൽ നിന്നും വിടുതൽ

പേര്..............................................

**വായനാഭാഗം: പുറപ്പാട് 11:1, 4 – 6 & 12:1 – 14, 29 – 31**

**താക്കോൽവാക്യം:– പുറപ്പാട് 12:13**

**"ഞാൻ രക്തം കാണുമ്പോൾ നിങ്ങളെ ഒഴിഞ്ഞ് കടന്നുപോകും; ഞാൻ മിസ്രയിം ദേശത്തെ ബാധിക്കുന്ന ബാധ നിങ്ങൾക്ക് നാശഹേതുവായ് തീരുകയില്ല"**

നമുക്ക് ദൈവം യേശുകർത്താവിലൂടെ നൽകിയ രക്ഷയുടെ അനേകം വിശിഷ്ടമായ ചിത്രങ്ങൾ അഥവാ ഉദാഹരണങ്ങൾ പഴയനിയമത്തിൽ അടങ്ങിയിരിക്കുന്നു. ഈ പഠന പരമ്പരയിൽ അത്തരത്തിലുള്ള നാലെണ്ണത്തെ നമുക്ക് പരിശോധിക്കാം.

ഈ പഠനത്തിന്റെ പശ്ചാത്തലം വളരെ പ്രശസ്തമാണ്. ഏകദേശം 400 വർഷങ്ങളിലധികമായി യിസ്രായേല്യർ മിസ്രയിമിൽ അടിമകളാണ്. അവരുടെ എണ്ണം വർദ്ധിച്ചപ്പോൾ മിസ്രയിമിലെ രാജാവായിരുന്ന ഫറവോൻ തന്റെ അധികാരത്തിനെതിരെയുള്ള ഒരു അപകടമായി കരുതുകയും അവരെ അടിമകളാക്കി വളരെ കഠിനമായി അവരോട് ഇടപ്പെട്ടു. ദൈവം തന്റെ ദാസനായ മോശയെ അയച്ച് യിസ്രായേല്യരെ വിട്ടയക്കണമെന്ന് ഫറവോനോട് ആവശ്യപ്പെട്ടുവെങ്കിലും ഫറവോൻ അത് നിരസിച്ചു.

ആ രാജാവ് കൂടുതൽ കഠിനഹൃദയനായപ്പോൾ ദൈവം മിസ്രയിമിനു മേൽ പത്ത് ബാധകൾ അഥവാ ന്യായവിധികൾ അയച്ചു. ഇതിലെ ഏറ്റവും അവസാനത്തെ ബാധ അറിയപ്പെടുന്നത് 'കടിഞ്ഞൂൽ സംഹാരം' എന്നാണ്. ഈ ബാധയിൽ ഓരോ മിസ്രയിമ്യ വീട്ടിലേയും മൂത്തമകൻ (അഥവാ ആദ്യജാതൻ) മരിക്കേണ്ടിയിരുന്നു ഇതിന് യാതൊരു ഒഴിവുകഴിവും ഇല്ലായിരുന്നു. ഇത് സംഭവിച്ചപ്പോൾ മിസ്രയിമിലെങ്ങും വിവരിക്കാനാവാത്ത വിധം ദുഃഖത്താൽ നിറഞ്ഞു. ഫറവോന്റേയും കഷ്ടത വളരെ വലുതാകകൊണ്ട് അവൻ വളരെ വേഗം അടിമകളെ വിട്ടയ്ക്കുവാൻ സമ്മതിക്കും. ദൈവം തന്റെ ജനത്തെ ആദ്യജാതന്റെ മരണത്തിൽ നിന്നും വിട്ടയ്ക്കുവാൻ പദ്ധതിയിട്ടു, ആ രക്ഷയുടെ വഴി താൻ മോശയ്ക്ക് വെളിപ്പെടുത്തി കൊടുത്തു.



ഓരോ കുടുംബത്തിനും ബാധകമായിരുന്ന ഈ പദ്ധതി ഒരു കുഞ്ഞാടിനെ കേന്ദ്രീകരിച്ചുള്ളതായിരുന്നു. ഒരു വയസ്സു പ്രായമുള്ള ഒരു കുഞ്ഞാടിനെ തിരഞ്ഞെടുത്ത് കുറേ നാളേയ്ക്ക് അതിനെ മാറ്റിനിർത്തിയശേഷം കൊല്ലുന്നു. ഇതിന്റെ രക്തം ഓരോ യിസ്രായേല്യന്റേയും വീട്ടിലെ കതകിന്റെ കട്ടിളകളിന്മേലും വാതിൽപ്പടിമേലും പുരട്ടണമായിരുന്നു. അത്രയും കഴിഞ്ഞ ശേഷം സകുടുംബം ഒരുമിച്ച് ഉൾമുറിയിൽ ആ അടിനെ വേവിച്ച് ആഘോഷപൂർവ്വം കഴിക്കണം. "ആദ്യജാതൻ" മരിക്കുന്ന അതേ രാത്രിയാണ് ഇതെല്ലാം സംഭവിക്കുന്നത്. എന്നാൽ ദൈവം വാഗ്ദത്തം ചെയ്തിരുന്നതുകൊണ്ട് തങ്ങളുടെ മേൽ ഒന്നും വരികയില്ലെന്ന് യിസ്രായേല്യർക്ക് അറിയാമായിരുന്നു. *"ഞാൻ രക്തം കാണുമ്പോൾ നിങ്ങളെ ഒഴിഞ്ഞു പോകും" (പുറപ്പാട് 12:13).*

അത് എപ്രകാരമുള്ള ഒരു രാത്രിയായിരുന്നു! വാതിൽക്കൽ രക്തം ഇല്ലാതെയിരുന്ന ഓരോ വീട്ടിലും മരണവും ഭയാജനകമായ വിഷാദവും കടന്നുവന്നു. ഫറവോൻ യിസ്രായേല്യർക്ക് പോകുവാനുള്ള അനുവാദം കൊടുത്തതുകൊണ്ട് അവർ ജീവനും സ്വാതന്ത്ര്യവും അനുഭവിച്ചു. ആയിരക്കണക്കിന് ആളുകൾ ഒന്നിച്ച് വിജയശ്രീലാളിതരായി അവർ പ്രയാണം ചെയ്തു പോയി.

യിസ്രായേലിന്റെ സ്ഥല ചരിത്രങ്ങളിലും വെച്ച് അവരുടെ ഏറ്റവും വലിയ "രക്ഷ" ഇതു തന്നെയാണ്. മറ്റ് സന്ദർഭങ്ങളിൽ ദൈവം അവരെ മറ്റ് പ്രശ്നങ്ങളിൽ നിന്നും രക്ഷിച്ചുവെങ്കിലും "മിസ്രയീമിൽ നിന്നുള്ള പുറപ്പാട്" എല്ലാറ്റിലും മുന്നിട്ടു നിൽക്കുന്നു. എല്ലായിടവുമുള്ള യഹൂദന്മാർ വർഷം തോറും ഇത് ഇന്നുവരേയും ഓർക്കുന്നു. എന്നാൽ നമ്മോടുള്ള ബന്ധത്തിൽ ഇതിന് വളരെ പ്രാധാന്യമുണ്ട്, കാരണം ദൈവത്തിന്റെ ഇന്നുള്ള രക്ഷയുടെ വഴിയാണ് ഇത് വിശദമാക്കുന്നത്. പുറപ്പാടിലെ "രക്ഷ"യുടെ വസ്തുതകളുമായി ഇന്ന് പാപികളെ രക്ഷിക്കുവാനുള്ള ദൈവത്തിന്റെ വഴിയെക്കുറിച്ചുള്ള പുതിയനിയമത്തിന്റെ ഉപദേശങ്ങൾ എപ്രകാരമാണ് യോജിച്ചു പോകുന്നത് എന്ന് ശ്രദ്ധിക്കാം.

1

**പുറപ്പാട്:** ആദ്യജാതൻ മരണത്തിന് വിധിക്കപ്പെട്ടവനായിരുന്നു മാത്രമല്ല വിടുവിക്കപ്പെടേണ്ടതും ആവശ്യമായിരുന്നു.

**ഇന്ന്:** പാപികൾ എന്ന നിലയിൽ ദൈവമുമ്പാകെ ശിക്ഷായോഗ്യരാണ് മാത്രമല്ല രക്ഷയുടെ ആവശ്യവും ഉണ്ട് *(റോമർ 5:12).*

2

**പുറപ്പാട്:** ഒരു കുഞ്ഞാടിലൂടെ രക്ഷ ദൈവത്താൽ നൽകപ്പെട്ടു

**ഇന്ന്:** ദൈവപുത്രനായ യേശുകർത്താവ് ദൈവത്തിന്റെ കുഞ്ഞാട് എന്ന് വിളിക്കപ്പെട്ടു *(യോഹന്നാൻ 1:29)*

3

**പുറപ്പാട്:** യിസ്രായേല്യർക്ക് വിടുതൽ നൽകുവാൻ കുഞ്ഞാട് മരിക്കേണ്ടത് ആവശ്യമായിരുന്നു.

**ഇന്ന്:** നമ്മുടെ രക്ഷയ്ക്ക് യേശുകർത്താവിന്റെ മരണം നിശ്ചയമായും അനിവാര്യമാണ് *(എബ്രായർ 9:28)*

4

**പുറപ്പാട്:** ആദ്യജാതന്റെ സ്ഥാനം (മരണത്തിൽ) കുഞ്ഞാട് ഏറ്റെടുക്കുകയും അത് അവനുവേണ്ടി മരിക്കുകയും ചെയ്തു

**ഇന്ന്:** യേശുകർത്താവ് "നമുക്കുവേണ്ടി" മരിച്ചു *(റോമർ 5:8)* അവൻ തന്നെ ത്താൻ "എനിക്കായി" ഏൽപ്പിച്ചു കൊടുത്തു *(ഗലാത്യർ 2:20)*

5

**പുറപ്പാട്:** സമാധാനമുള്ള മനസ്സിനും എല്ലാം നന്നായിത്തീരും എന്ന ഉറപ്പും ലഭിക്കുവാൻ ആദ്യജാതൻ ദൈവത്തിന്റെ വാഗ്ദത്തിൽ ആശ്രയിക്കുക മാത്രമാണ് ചെയ്യേണ്ടിയിരുന്നത്. താക്കോൽവാക്യം ശ്രദ്ധിക്കുക.

**ഇന്ന്:** നാം ദൈവം പറഞ്ഞ കാര്യങ്ങളെ വിശ്വസിക്കുകയും അവന്റെ വാഗ്ദത്തത്തെ ആശ്രയിക്കുകയും ചെയ്യുന്നു. "പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെയിരിപ്പാൻ" *(യോഹന്നാൻ 3:16).*

# ന്യൂലൈഫ്
# പ്രവൃത്തി പരിചയം



**പഠനം 1.** ഒരു വ്യക്തിപരമായ ആവശ്യം

**1** ചുവടെയുള്ള ചോദ്യങ്ങൾക്ക് ഒറ്റ വാക്കിൽ ഉത്തരമെഴുതുക

a. ഏതു രാജ്യത്താണ് യിസ്രായേല്യർ അടിമകളായി പാർത്തത്? ........................

b. മിസ്രയിമിലെ രാജാവിന്റെ പേരെന്തായിരുന്നു? ........................

c. "യിസ്രായേല്യരെ" വിടുവിക്കുവാൻ ദൈവം ആരെ അയച്ചാണ് ചോദിച്ചത്? ........................

d. ദൈവം എത്ര ബാധകളാണ് അയച്ചത്? ........................

e. കതകിൽ രക്തം പുരട്ടുവാൻ ഏതു ചെടിയാണ് ഉപയോഗിച്ചത്? *(പുറപ്പാട് 12:22)* ........................

5

**2** ***പുറപ്പാട് 11:4 – 6*** വീണ്ടും വായിക്കുക. അവസാനത്തെ ബാധ അഥവാ ന്യായവിധി എന്തായിരുന്നുവെന്ന് നിങ്ങളുടെ സ്വന്തം വാക്കുകളിൽ എഴുതുക. ..........................................................................

..........................................................................

2

**3** A. "എന്റെ കതകിനുമേൽ കുഞ്ഞാടിന്റെ രക്തം ആവശ്യമില്ല" എന്ന് ഒരു യിസ്രായേല്യന്റെ ആദ്യജാതൻ പറഞ്ഞാൽ, അവനെക്കുറിച്ച് എന്താണ് വ്യക്തമാക്കുന്നത്? ..........................................................................

..........................................................................

B. "എന്റെ രക്ഷയ്ക്കായി ഞാൻ യേശുകർത്താവിന്റെ മരണത്തിൽ വിശ്വസിക്കുന്നു" എന്ന് ഒരു വ്യക്തി പറഞ്ഞാൽ, ഇത് അവനെക്കുറിച്ച് എന്താണ് സൂചിപ്പിക്കുന്നത്? ..........................................................................

..........................................................................

6

**4** ***1പത്രോസ് 1: 18 – 19*** ൽ എഴുതിയിരിക്കുന്നത് വായിച്ചശേഷം താൻ യേശുകർത്താവിനെക്കുറിച്ച് വിവരിച്ചിരിക്കുന്നതിനെക്കുറിച്ച് ഒരു വാക്യത്തിൽ എഴുതുക. ..........................................................................

..........................................................................

2

**5** മിസ്രയിമിൽ നിന്നും വിടുതൽ പ്രാപിച്ചത് യെഹൂദന്മാർ ആണ്ടുതോറും ഒരു ഉത്സവമായി കൊണ്ടാടുന്നതിന് ഒരു പേരുണ്ട്

a. അത് എന്താണ്? (***പുറപ്പാട് 12:27, 43; മത്തായി 26:2*** നോക്കുക) ..........................................

b. ഇപ്രകാരം പേരു നൽകിയതിന് ഒരു കാരണം നിർദ്ദേശിക്കാമോ? ..........................................

..........................................................................

4

**6** "***രക്തം കണ്ടാൽ***" എന്നതിനെപ്പറ്റി ദൈവം പറയുകയുണ്ടായി ***(വാക്യം 13)***. ആ വീട്ടിൽ ഒരു മരണം ഇപ്പോൾത്തന്നെ നടന്നിട്ടുണ്ട് എന്നതാണ് കതകിന്മേലുള്ള രക്തം അർത്ഥമാക്കിയത്, മാത്രമല്ല ആദ്യജാതന് പകരമായി കുഞ്ഞാടിന്റെ മരണം ദൈവം സ്വീകരിച്ചു എന്നുമാണ്. ആ മകനുവേണ്ടി കുഞ്ഞാട് മരിച്ചതുപോലെയാണ്. ഈ കാര്യം യേശുകർത്താവിന്റെ മരണം മനസ്സിലാക്കുന്നതിൽ എപ്രകാരമാണ് സഹായിക്കുന്നത്?

..........................................................................

..........................................................................

..........................................................................

4

**7** ഇന്ന് നമ്മുടെ രക്ഷ "***ക്രിസ്തുവിന്റെ രക്തത്തിൽ***" അടിസ്ഥാനപ്പെട്ടിരിക്കുന്നു ***(എഫസ്യർ 2:13)***. ദൈവം പറഞ്ഞത് വിശ്വസിക്കുന്നതിലൂടെയോ സ്വീകരിക്കുന്നതിലൂടെയോ ആണ് നമ്മുടെ രക്ഷയുടെ ഉറപ്പ് അടിസ്ഥാനപ്പെട്ടിരിക്കുന്നത് (***1 യോഹന്നാൻ 5:13*** വായിച്ചശേഷം എടുത്തെഴുതുക).

..........................................................................

..........................................................................

..........................................................................

2

**25**

ആകെ മാർക്ക്

## പഠനം 2. യിസ്രായേലിന്റെ ചെങ്കടൽ അനുഭവം

പേര്.............................................

**വായിക്കുക: പുറപ്പാട് 14:1–31; 15:1–7**

**താക്കോൽവാക്യം: പുറപ്പാട് 15:2**

**"എന്റെ ബലവും എന്റെ ഗീതവും യഹോവയത്രേ, അവൻ എനിക്ക് രക്ഷയായിത്തീർന്നു അവൻ എന്റെ ദൈവം ഞാൻ അവനെ സ്തുതിക്കും. അവൻ എന്റെ പിതാവിൻ ദൈവം; ഞാൻ അവനെ പുകഴ്ത്തും"**

ഫറവോന്റെ ഹൃദയമാറ്റം കുറച്ച് നേരത്തേക്ക് മാത്രമേ നിലനിന്നുള്ളൂ! "വാഗ്ദത്ത നാട്ടിലേക്ക്" ഉള്ള യിസ്രായേലിന്റെ പ്രയാണം ആരംഭിച്ചതിന് തൊട്ടുപിന്നാലെ തന്നെ അവരെ പോകുവാൻ അനുവദിച്ചതിൽ ഫറവോൻ ദുഃഖിച്ചു. അവരെ മടക്കിക്കൊണ്ടു വരുവാൻ താൻ തീരുമാനിച്ചിട്ട് അവന്റെ സൈന്യത്തെ അവർക്ക് പിന്നാലെ അയച്ചു.

യിസ്രായേല്യർ കെണിയിൽ അകപ്പെട്ടതുപോലെയായി. അവരുടെ മുമ്പിൽ ചെങ്കടലും അവരുടെ പിന്നിൽ രഥങ്ങളും മിസ്രയിമ്യ സൈന്യത്തിന്റെ ഒരു വലിയ കൂട്ടം പട്ടാളക്കാരും ഉണ്ടായിരുന്നു! അവർ യാതൊരു പ്രത്യാശയുമില്ലാത്ത അവസ്ഥയിലായിത്തീർന്നു ഇനിയും ദൈവത്തിന് മാത്രമേ അവരെ രക്ഷിക്കുവാൻ കഴിയുകയുള്ളൂ.

ദൈവം തന്നെയാണ് അത് ചെയ്തത്! യിസ്രായേല്യർക്ക് നടന്ന് സുരക്ഷിതസ്ഥാനത്ത് എത്തുവാൻ തക്കവണ്ണം ദൈവം ഒരു കിഴക്കൻ കാറ്റിനെ രാത്രി മുഴുവൻ അടിപ്പിച്ച് കടലിലെ വെള്ളത്തെ പിന്നിലേക്ക് മാറ്റിക്കൊണ്ട് ഒരു പാതയൊരുക്കി. മിസ്രയീമ്യർ അതേ പോലെ ചെയ്യുവാൻ തുനിഞ്ഞിറങ്ങിയപ്പോൾ വെള്ളം അവരുടെ മേൽ മടങ്ങി വരികയും അവരെല്ലാവരും മുങ്ങിത്താഴുകയും ചെയ്തു.

വളരെ ശ്രദ്ധേയമായ യിസ്രായേലിന്റെ ഈ വീണ്ടെടുപ്പ് യേശുകർത്താവിലൂടെ ദൈവം നമുക്ക് ഒരുക്കിയ രക്ഷയെക്കുറിച്ച് ചില പ്രധാനപ്പെട്ട കാര്യങ്ങൾ മനസ്സിലാക്കുന്നതിൽ സഹായിക്കുന്നു.

### പരിപൂർണ്ണ നിസ്സഹായ അവസ്ഥ

യിസ്രായേലിന്റെ "**പരിപൂർണ്ണ നിസ്സഹായാവസ്ഥ**" യെക്കുറിച്ച് പ്രാരംഭമായി ചിന്തിക്കാം. അവർ ആയിരുന്ന പ്രതികൂലത്തിൽ നിന്നും തങ്ങളെത്തന്നെ വിടുവിക്കുന്നതിന് അവർക്ക് യാതൊന്നും ചെയ്യുവാൻ കഴിഞ്ഞില്ല.

നാം എല്ലാവരും ഒന്നിച്ചു ചേർന്നാലും നമ്മെ നമ്മുടെതന്നെ പാപങ്ങളിൽ നിന്നും രക്ഷിക്കുവാൻ കഴിയുകയില്ല എന്നത് അംഗീകരിക്കുവാൻ വളരെ പ്രയാസമുള്ള ഒരു കാര്യം തന്നെയാണ്. എന്നാൽ കൃത്യമായും അതു തന്നെയാണ് ബൈബിൾ പഠിപ്പിക്കുന്നത്! ഉദാഹരണത്തിന്, റോമർ 5:6 വായിക്കുക. നാം ചെയ്യുന്ന ഏറ്റവും നല്ല പ്രവൃത്തികൾക്കു പോലും നമ്മെ രക്ഷിക്കുവാൻ കഴിയുകയില്ല. *"നാം ചെയ്ത നന്മ പ്രവൃത്തികളാലല്ല"* ദൈവം പാപികളെ രക്ഷിക്കുന്നത് *(തീത്തോസ് 3:5* വായിക്കുക). രക്ഷ നമ്മുടെ പ്രയത്നത്താൽ നേടുവാൻ കഴിഞ്ഞിരുന്നെങ്കിൽ യേശുകർത്താവ് ക്രൂശിൽ മരിക്കേണ്ടുന്ന ആവശ്യം ഇല്ലായിരുന്നു!

### പൂർണ്ണമായ കരുതൽ

ദൈവത്തിന്റെ പൂർണ്ണമായ കരുതലിനെക്കുറിച്ച് ഒന്നു ചിന്തിക്കുക. യിസ്രായേല്യരെ രക്ഷിക്കുവാൻ വേണ്ടിയുള്ള എല്ലാക്കാര്യങ്ങളും ദൈവം ചെയ്തു അവരുടെ ഏറ്റവും വലിയ ആവശ്യസമയത്ത് വെറുതെ നൽകിയ "ഒരു സഹായഹസ്തം" ആയിരുന്നില്ല. രക്ഷിക്കുന്ന അവന്റെ ശക്തി വളരെ വലുതാണ്, മോശെ ഇതെക്കുറിച്ച് ജനങ്ങളോട് ഇപ്രകാരം പറഞ്ഞു, *"ഭയപ്പെടേണ്ട, ഉറച്ചു നിൽപ്പിൻ; യഹോവ ഇന്നു നിങ്ങൾക്ക് ചെയ്യുവാനിരിക്കുന്ന രക്ഷ കണ്ടുകൊൾവിൻ"*

സുവിശേഷത്തിന്റെ കാതലായ സത്യം ഉദാഹരിക്കുവാൻ ഇത് സഹായിക്കുന്നു. ദൈവത്തോടുള്ള ഇഷ്ടത്തിൽ നാം വരുന്നതിനാവശ്യമായ എല്ലാ കാര്യങ്ങളും അവർ ചെയ്തു തീർത്തു. ദൈവം നമുക്കായിട്ട് യേശുകർത്താവ് എന്ന രക്ഷകനെ നൽകുകയും അവൻ നമ്മുടെ പാപങ്ങളെ വഹിച്ചുകൊണ്ട് നമുക്കായി മരിച്ചു. അവൻ നമുക്കുവേണ്ടി ചെയ്തത് പൂർണ്ണമായും അവസാനത്തേതുമാണ്- ഇനി ഇതേ കാര്യം ഒരിക്കലും ചെയ്യേണ്ടതില്ല *(എബ്രായർ 10:12)* ക്രൂശിന്മേലുള്ള അവന്റെ ഈ പൂർത്തിയാക്കപ്പെട്ട പ്രവൃത്തിയിൽ നാം ഇന്ന് *"കർത്താവിന്റെ രക്ഷ"* കാണുന്നു.

### വ്യക്തിപരമായ ഉത്തരവാദിത്തം

പഴയനിയമ ഉദാഹരണത്തിന്റെ മൂന്നാമത്തെ കുറിപ്പിനെയാണ് നാം വ്യക്തിപരമായ ഉത്തരവാദിത്തം എന്ന് വിളിക്കുന്നത്. ദൈവം യിസ്രായേല്യർക്കായി തടങ്കലിലൂടെ ഒരുക്കിയ വഴിയിലൂടെ അവർ നടക്കേണ്ടിയിരുന്നു. എല്ലാം തയ്യാറായശേഷം ദൈവം മോശയോട് ഇപ്രകാരം പറഞ്ഞു, *"മുന്നോട്ട് പോകാൻ യിസ്രായേൽ മക്കളോട് പറക" (വാക്യം 15).* ഇപ്രകാരം ചെയ്യുന്നതിലൂടെ ദൈവം അവർക്കുവേണ്ടി ചെയ്ത കാര്യത്തെ അവർ അംഗീകരിക്കുകയാണ് ചെയ്തത്.

ദൈവത്തിന്റെ ദാനമായ രക്ഷ സ്വീകരിക്കുന്നതിന് നമുക്ക് വ്യക്തിപരമായ ഉത്തരവാദിത്തം ഉണ്ട് എന്നത് ഒരിക്കലും മറന്നു പോകരുത്. നാം രക്ഷിതാവിനെ കുറിച്ച് വെറുതെ കേൾക്കുന്നതിലൂടെയല്ല രക്ഷിക്കപ്പെടുന്നത്, വ്യക്തിപരമായും നാം അവനെ കർത്താവും രക്ഷിതാവുമായി അംഗീകരിച്ച് അവനിൽ ആശ്രയിച്ചുകൊണ്ട് നമ്മുടെ ജീവിതം അവനിൽ ഭരമേൽപ്പിക്കുകയാണ് ചെയ്യേണ്ടത്. ഇപ്രകാരമുള്ള ഒരു കാൽവെപ്പ് **നിങ്ങൾ** ചെയ്തിട്ടുണ്ടോ?



**1** A. യിസ്രായേല്യർ എപ്രകാരമാണ് വലിയ അപകടത്തിലായത്? ..........................................................

..........................................................................................................................

B. അവരുടെ സുരക്ഷയ്ക്കായി ദൈവം എപ്രകാരമാണ് വഴിയൊരുക്കിയത്?..........................................................

.......................................................................................................................... 2

**2** ചിലയാളുകൾ കരുതുന്നത് അവരുടേതായ പ്രയത്നങ്ങൾ കൊണ്ട് സ്വർഗ്ഗത്തിലേക്ക് പോകുവാൻ കഴിയുമെന്നാണ്. ഈ കാര്യത്തെ എതിർക്കുന്ന ഒരു ബൈബിൾ വാക്യം എഴുതുക.

..........................................................................................................................

.......................................................................................................................... 3

**3** യേശുകർത്താവിന്റെ മരണത്തിന്റെ പ്രത്യേകത എന്താണെന്ന് നിങ്ങളാൽ കഴിയുന്ന വിധം വിവരിച്ചെഴുതുക. സാധിക്കുമെങ്കിൽ നിങ്ങളുടെ ഉത്തരങ്ങൾക്ക് തെളിവായി ബൈബിൾ വാക്യങ്ങൾ കൊടുക്കുക.

..........................................................................................................................

.......................................................................................................................... 5

**4** പുറപ്പാട് 14 ൽ മോശ യിസ്രായേല്യർക്ക് രണ്ട് കല്പനകൾ കൊടുത്തു:

(a) *"ഉറച്ചു നിൽക്കുക" (വാക്യം 13)* (b) *"മുന്നോട്ട് പോവുക" (വാക്യം 15)*

ചുവടെയുള്ള പ്രസ്താവന പൂർത്തിയാക്കുവാൻ മോശെയുടെ വാക്കുകൾ ഉപയോഗിക്കുക.

1 ................................................................................ എന്ന് മോശെ പറഞ്ഞപ്പോൾ രക്ഷ ലഭ്യമാക്കുവാനായിട്ട് യിസ്രായേല്യർക്ക് ഒന്നും ചെയ്യുവാൻ കഴിയുകയില്ല എന്നാണ് ഉദ്ദേശിച്ചത്.

2. ................................................................................ എന്ന് താൻ പറഞ്ഞപ്പോൾ ദൈവം അവർക്കുവേണ്ടി ചെയ്ത കാര്യങ്ങളെ അവർ അംഗീകരിക്കണമെന്ന് താൻ അവരോട് അപേക്ഷിക്കുകയായിരുന്നു.

..........................................................................................................................

.......................................................................................................................... 2

**5** നാം രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണമെന്ന് വിവരിക്കുന്ന അനേക വാക്കുകൾ ബൈബിൾ ഉപയോഗിക്കുന്നു. ചുവടെയുള്ള വാക്യങ്ങൾ പരിശോധിച്ചശേഷം നാം എന്താണ് ചെയ്യേണ്ടത് എന്ന് പറയുന്ന ഒരു വാക്ക് ഓരോ വാക്യത്തിൽ നിന്നും എഴുതുക.

a. ***അപ്പോസ്തല പ്രവൃത്തികൾ 16:31*** ....................... b. ***യോഹന്നാൻ 1:21*** ......................................... 3

c. ***മത്തായി 11:28*** ..............................

**6** A. നമ്മുടെ രക്ഷയ്ക്ക് ആവശ്യമുള്ള എല്ലാ കാര്യങ്ങളും ചെയ്തുവെന്നത് സൂചിപ്പിക്കുന്ന ഒരു നിലവിളി ശബ്ദം താൻ ക്രൂശിൽ നിന്നും പുറപ്പെടുവിച്ചു. ഇത് ***യോഹന്നാൻ 19:30*** ൽ കണ്ടെത്തിയശേഷം എടുത്തെഴുതുക.

..........................................................................................................................

B. രക്ഷയുടെ നല്ല സന്ദേശത്തെ കേൾക്കുവാൻ നമ്മുടെ വ്യക്തിപരമായ ഉത്തരവാദിത്വം എന്താണ്?

.......................................................................................................................... 4

**7** ***പുറപ്പാട് 14:31*** നോക്കുക. യിസ്രായേൽ എന്താണ് സ്വയം വഹിച്ചതെന്നും അവർ അതിനോട് എപ്രകാരമാണ് പ്രതികരിച്ചതെന്നും നിങ്ങളുടെ സ്വന്തം വാക്കുകളിൽ എഴുതുക.

..........................................................................................................................

.......................................................................................................................... 4

**8** യിസ്രായേൽ ചെങ്കടലിന് അക്കരെ എത്തുകയും അവർ എത്രമാത്രം അത്ഭുതകരമായിട്ടാണ് രക്ഷപ്പെട്ടതെന്നും മനസ്സിലാക്കിയപ്പോൾ അവർ കർത്താവിന് ഒരു പാട്ടു പാടുകയുണ്ടായി. താക്കോൽ വാക്യം അതിന്റെ ഒരു ഭാഗമാണ് അത് എടുത്തെഴുതുക.

..........................................................................................................................

.......................................................................................................................... 2

25

ആകെ മാർക്ക്

# ന്യൂലൈഫ്
**ബൈബിൾ പഠന കോഴ്സ്**

# രക്ഷ
**യൂണിറ്റ് B**

**പഠനം 3.** പാറയിൽ നിന്നും വെള്ളം

പേര്..............................................

**വായനാഭാഗം: പുറപ്പാട് 17:1–7**

**താക്കോൽവാക്യം: വെളിപ്പാട് 22:17**

**"ദാഹിക്കുന്നവൻ വരട്ടെ; ഇച്ഛിക്കുന്നവൻ ജീവജലം സൗജന്യമായി വാങ്ങട്ടെ"**

*"ജനത്തിന് കുടിപ്പാൻ വെള്ളമില്ല" (വാക്യം 1)*. ചുട്ടു പഴുത്ത മരുഭൂമിയിലേക്ക് കൂടുതൽ നടന്നടുത്തപ്പോൾ യിസ്രായേൽ എത്രയോ ഭയാജനകമായ ഒരു അവസ്ഥയിലാണ് എത്തിച്ചേർന്നിരിക്കുന്നത്! അവർ ഉഷ്ണിച്ചും ദാഹിച്ചും ആയിരുന്നതുകൊണ്ട് അവർ അവരുടെ നേതാവായ മോശെയോട് ദേഷ്യപ്പെട്ടു.

എന്നാൽ ദൈവം അവരുടെ വീണ്ടെടുപ്പുകാരനാണെന്ന് വീണ്ടും തെളിയിച്ചു. അവർ മോശെയോട് ഒരു വലിയ പാറയുടെ അടുക്കൽ പോകുവാനും അതിനെ തന്റെ വടിയെ ഉപയോഗിച്ച് അടിക്കുവാനും ആവശ്യപ്പെട്ടു. ദൈവം ഒരു വലിയ അത്ഭുതം ചെയ്തു. ആ പാറയിൽ നിന്നും തണുത്തതും ശുദ്ധവുമായ ജലത്തിന്റെ നീരൊഴുക്ക് ഉണ്ടായി.

യിസ്രായേലിന്റെ മിസ്രയിം മുതൽ കനാൻ വരെയുള്ള യാത്രയിലെ അനുഭവം നമ്മോടുള്ള ബന്ധത്തിലുള്ള രക്ഷയുടെ പദ്ധതിയുടെ മറ്റു ചില പ്രത്യേകതകൾ മനസ്സിലാക്കുന്നതിന് സഹായിക്കുന്നു.

**1. ജനങ്ങളുടെ ദാഹം**

യിസ്രായേല്യരുടെ ഈ ദാഹം ഒരു ഭൗതികമായ വികാരം മാത്രമാണ്. അവർക്ക് തളർച്ച അനുഭവപ്പെടും വിധത്തിൽ അവരുടെ നാവുകൾക്കും തൊണ്ടയ്ക്കും ഉണ്ടായ ഒരു വരൾച്ച അഥവാ ശൂന്യത. എന്നാൽ ഇന്ന് നമുക്ക് അവരുടെ ദാഹം നാം ദൈവത്തെ കൂടാതെയും നമ്മുടെ കർത്താവായ യേശുവിനെ കൂടാതെയും ജീവിക്കുമ്പോൾ നാം അനുഭവിക്കുന്ന നമ്മുടെ ഉള്ളിലുള്ള ആത്മീയ ശൂന്യതയുടെ ഒരു ചിത്രമാണ്. യേശുക്രിസ്തുവിൽ വിശ്വാസത്താൽ രക്ഷ നേടുന്നതുവരെയും നമ്മുടെ ഏറ്റവും ആഴത്തിലുള്ള വാഞ്ഛ തൃപ്തിയടയാതെ കിടക്കുന്നു.

*പുറപ്പാട് 17* ലെ കഥ വളരെ വിലപ്പെട്ട ഒരു പാഠം നമ്മെ പഠിപ്പിക്കുന്നു; നാം യേശുകർത്താവിനെ സ്വീകരിച്ചുകൊണ്ട് രക്ഷ നേടുമ്പോൾ അവൻ ശരിയായ തൃപ്തിയാൽ നമ്മുടെ ജീവിതത്തെ നിറയ്ക്കുന്നു. ആളുകൾ മനസമാധാനത്തിനും സംതൃപ്തിക്കുമായി പല വഴിക്കും ശ്രമിക്കുന്നു, എന്നാൽ കഷ്ടമെന്നു പറയട്ടെ! അവർ എപ്പോഴും നിരാശപ്പെട്ടു പോരുന്നു! യേശുകർത്താവിന് മാത്രമേ രക്ഷിക്കുവാനും തൃപ്തിപ്പെടുത്തുവാനും സാധിക്കൂ. താൻ *യോഹന്നാൻ 4:13-14* ൽ പറഞ്ഞിരിക്കുന്നത് വായിക്കുക ("ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുന്നവന്..." എന്നത് താൻ തന്നെക്കുറിച്ച് തന്നെ സംതൃപ്തിയുടെ ഉറവിടമായിട്ട് ആലങ്കാരികമായി പറഞ്ഞിരിക്കുന്നതാണ്) ഇതിന് സമാനമായ ഒരു വാക്യമായ *യോഹന്നാൻ 7:37* വായിക്കുക.

**2. പാറമേലുള്ള അടി**

നമുക്ക് അറിയാവുന്ന പാറകൾക്ക് സമാനമായ ഒരു പാറയെയാണ് മോശെ അടിച്ചത്. ദൈവമാണ് ഈ അത്ഭുതം ചെയ്തത്, അപ്രകാരം വെള്ളം ധാരാളം ഒഴുകി.

ക്രൂശിലുള്ള തന്റെ മരണത്തിൽ "അടിക്കപ്പെട്ട" നമ്മുടെ യേശുകർത്താവിനെയാണ് ഈ പാറ സൂചിപ്പിക്കുന്നത് എന്ന് പറയുന്നത് വാസ്തവം തന്നെയാണ് *(യെശയ്യാവ് 58:4* കാണുക). ഇവിടെയും നമുക്ക് സുവിശേഷത്തിന്റെ കാതലായ ഒരു സത്യം ഓർമ്മപ്പെടുത്തലായി നിൽക്കുന്നു- യേശുകർത്താവിന്റെ മരണം മുഖാന്തിരം മാത്രമേ നമുക്ക് "ജീവന്റെ ജലം" ലഭ്യമാവുകയുള്ളൂ. തന്റെ കഷ്ടതയും മരണവും കൂടാതെ നമുക്ക് യാതൊരു രക്ഷയും ഇല്ല. *"യുഗങ്ങളുടെ പാറ"* എന്ന് എ.എം ടോപ്ലാഡി എന്ന വ്യക്തി എഴുതിയിരിക്കുന്നത് യേശുകർത്താവിനെക്കുറിച്ചാണ്.

പിളർന്നൊരു പാറയേ നിന്നിൽ ഞാൻ മറയട്ടേ

തുറന്ന നിൻ ചങ്കിലെ രക്തനീർ എൻ പാപത്തെ

നീക്കി സുഖം നൽകട്ടെ മുറ്റും രക്ഷിക്കയെന്നെ

**3. വെള്ളത്തിന്റെ സമൃദ്ധമായ വിതരണം**

പാറയിൽ നിന്നും വെള്ളം ഒഴുകിയപ്പോൾ അത് ആവശ്യത്തിന് മതിയായതായിരുന്നു. ഒരു യിസ്രായേല്യനും ദാഹത്തിൽ തുടരേണ്ടി വന്നില്ല. *"എനിക്ക് ഒട്ടും വെള്ളമില്ല"* എന്ന് ആർക്കും പറയേണ്ടി വന്നില്ല. ആർക്കൊക്കെയാണോ ആവശ്യമായിരുന്നത് അവർക്കെല്ലാം സൗജന്യമായി സമൃദ്ധിയായി സ്വീകരിക്കാമായിരുന്നു!

ദൈവത്തിന്റെ വിശിഷ്ടമായ രക്ഷയെക്കുറിച്ച് ഇത് എത്രയോ സത്യമാണ്. പഴയനിയമകാലത്ത്, യെശയ്യാ പ്രവാചകൻ 'രക്ഷയുടെ ഉറവുകളിൽ നിന്ന് വെള്ളം കോരും' എന്ന് ജനങ്ങളുടെ സന്തോഷത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നു *(12:3)* ബൈബിൾ അവസാനിക്കുമ്പോഴും ഈ സന്ദേശം ഇപ്രകാരം തന്നെയാണ്- "ഇച്ഛിക്കുന്നവൻ ജീവജലം സൗജന്യമായി വാങ്ങട്ടെ" *(താക്കോൽവാക്യം നോക്കുക)*

വെള്ളം കുടിക്കുന്നത് തികച്ചും വ്യക്തിപരമായ ഒരു കാര്യമാണ്. ഒരാൾക്കുവേണ്ടി മറ്റൊരാൾക്ക് കുടിക്കുവാൻ സാധിക്കില്ല! രക്ഷ സ്വീകരിക്കുന്നതും ഇതേപോലെ തന്നെ വളരെ വ്യക്തിപരമാണ്. വ്യക്തിപരമായി നാം ഓരോരുത്തരും നമ്മുടെ ആശ്രയം യേശുകർത്താവിൽ അർപ്പിക്കണം. "ഇതാ ഇപ്പോഴാകുന്ന രക്ഷാ ദിവസം" *(2 കൊരിന്ത്യർ 6:2)*

**1** ഈ ചോദ്യങ്ങൾക്ക് ചുരുക്കമായി ഉത്തരമെഴുതുക

a. യിസ്രായേല്യർ എവിടെ നിന്നുമാണ് വന്നത്? ..........................................................................

b. അവർ എങ്ങോട്ടാണ് പോവുന്നത്? ..........................................................................

c. ഏതു തരത്തിലുള്ള ഭൂപ്രദേശത്തുകൂടിയാണ് അവർ യാത്ര ചെയ്തിരുന്നത്? ......................................

3

**2** ആരാണ് പറഞ്ഞത്?

a. *"ഞങ്ങൾക്ക് വെള്ളം തരിക"* ......................................

b. *"ഞാൻ ഈ ജനങ്ങളെക്കൊണ്ട് എന്താണ് ചെയ്യുക"* ......................................

c. *"നീ പാറയെ അടിക്കുക"* ......................................

3

**3** സാധാരണവും ഭൗതികവുമായ നിലയിൽ ദാഹം എന്തിന്റെ ചിത്രമാണ്?

..........................................................................................................................

..........................................................................................................................

2

**4** യിസ്രായേൽ ജനങ്ങളോടുള്ള ദൈവത്തിന്റെ വചനം ***യിരമ്യാവ് 2:13*** ൽ നിന്നു വായിച്ച ശേഷം ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

a. ദൈവത്തെ ഏതു നിലയിലാണ് ഈ വാക്യം വിവരിക്കുന്നത്? ..........................................................................

b. സംതൃപ്തിയുടെ മറ്റെല്ലാ വഴികളേയും എന്തിനോടാണ് സാമ്യപ്പെടുത്തിയിരിക്കുന്നത്? ..................................
..........................................................................................................

4

**5** ***1 കൊരിന്ത്യർ 10:4*** വായിച്ചശേഷം "പാറ" എന്നതിന് എന്ത് ആത്മീയ അർത്ഥമാണ് കൊടുത്തിരിക്കുന്നത് എന്നെഴുതുക.

..........................................................................................................................

..........................................................................................................................

3

**6** A. ***യോഹന്നാൻ 7:37*** അല്ലെങ്കിൽ താക്കോൽവാക്യം ഏതെങ്കിലും ഒന്ന് എടുത്തെഴുതുക.

..........................................................................................................................

..........................................................................................................................

B. "ജീവന്റെ ജലം എടുക്കുക" എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നതെന്ന് നിങ്ങളാൽ കഴിയും വിധം വിവരിക്കുക.

..........................................................................................................................

..........................................................................................................................

6

**7** ചുവടെയുള്ളവ ശരിയോ തെറ്റോ എന്ന് ഉത്തരമെഴുതുക

i. അവരുടെ കന്നുകാലികൾക്കും നന്നായി ദാഹിച്ചു. ..........................................

ii. മോശെ ദൈവത്തിനുവേണ്ടി തന്റെ വടി മുമ്പും ഉപയോഗിച്ചിട്ടുണ്ട്. ..........................................

iii. മോശെ അടിച്ച പാറയുണ്ടായിരുന്നത് ഹെബ്രോനിലാണ്. ..........................................

iv. "ദൈവം നമ്മുടെ മധ്യത്തിലുണ്ടോ അതോ ഇല്ലയോ" എന്ന് ജനങ്ങൾ ചോദിച്ചു. ..........................................

4

25

ആകെ മാർക്ക്

# ന്യൂലൈഫ്

**ബൈബിൾ പഠന കോഴ്സ്**

# രക്ഷ

**യൂണിറ്റ് B**

## പഠനം 4. മരുഭൂമിയിൽ സർപ്പങ്ങൾ

പേര്.............................................

**വായനാഭാഗം: സംഖ്യാ 21:4 – 9**

**താക്കോൽവാക്യം: യോഹന്നാൻ 3:14 – 15**

**"മോശെ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതു പോലെ മനുഷ്യപുത്രനേയും ഉയർത്തേണ്ടതാകുന്നു. അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ പ്രാപിക്കേണ്ടതിന് തന്നെ"**

വിഷപ്പാമ്പുകൾ! ഈ ഒരു പുതിയ ആപത്ത് കടന്നു വന്നപ്പോൾ യിസ്രായേല്യർ എത്രമാത്രം ഭയപ്പെട്ടിട്ടുണ്ടായിരിക്കുമെന്ന് നമുക്ക് ചിന്തിക്കാവുന്നതേയുള്ളൂ. അവരുടെ കൂടാരങ്ങളിൽ ഒന്നിനു പിറകെ ഒന്നായി ഓരോ മരണവാർത്ത വന്നപ്പോൾ അവർ എത്രമാത്രം തീവ്രദുഃഖം അനുഭവിച്ചിട്ടുണ്ടാകും!

എങ്കിലും ഈ കഥയ്ക്ക് ഒരു ശുഭ പര്യവസാനമാണ്. ദൈവം ഈ വിഷപ്പാമ്പുകളെ മാറ്റുക മാത്രമല്ല ചെയ്തത്, പാമ്പു കടിയേറ്റവർക്ക് സൗഖ്യപ്പെടുവാനുള്ള വഴിയും ദൈവം നൽകുകയുണ്ടായി. ഒരിക്കൽകൂടി ദൈവം താൻ *"രക്ഷയുടെ ദൈവം"* എന്ന് വെളിപ്പെടുത്തി.

നമുക്കു വേണ്ടിയുള്ള ദൈവത്തിന്റെ രക്ഷയുടെ വഴി ഈ സംഭവം ചിത്രീകരിക്കുന്നത് എങ്ങനെയാണെന്ന് മനസ്സിലാക്കുവാൻ ഇതിനെ നാല് തലക്കെട്ടുകളായി സംക്ഷിപ്തപ്പെടുത്താം:-

**1. അവർ പാപം ചെയ്തു –** *വാക്യങ്ങൾ 4:5* കാണുക. നാം അവരുടെ പിറുപിറുക്കലിനേയും പരാതികളേയും കുറിച്ച് വായിക്കുമ്പോൾ അവർ നന്ദിയില്ലായ്മയിലും അസത്യത്തിലും കുറ്റക്കാരാണ് എന്ന് കാണാൻ കഴിയും. എന്നാൽ ഇവയിൽ ഏറ്റവും ഗൗരവമായത് അവരുടെ അവിശ്വാസമായിരുന്നു. അവർ മോശയോട് പറഞ്ഞിരിക്കുന്ന കാര്യത്തിൽ ഇത് വ്യക്തമാണ്. *"മരുഭൂമിയിൽ മരിക്കേണ്ടതിന് നിങ്ങൾ ഞങ്ങളെ മിസ്രയിം ദേശത്ത് നിന്ന് കൊണ്ടു വന്നത് എന്തിന്?"*

അവർ ഒന്നിലധികം വഴികളിൽ പാപം ചെയ്തു എന്നത് വളരെ വ്യക്തമാണ്. നാമെല്ലാവരും ഇങ്ങനെ തന്നെയാണ്! *(റോമർ 3:23; 5:12 നോക്കുക).* കുലപാതകരും, ഗുണ്ടാസംഘങ്ങളും വളരെ അസാന്മാർഗ്ഗികതയിലുള്ള വ്യക്തികൾ മാത്രമാണ് ദൈവത്തെ എതിർക്കുന്ന പാപികൾ എന്നു കരുതിയാൽ അത് നാം വരുത്തുന്ന ഏറ്റവും വലിയ ഒരു തെറ്റു തന്നെയാണ്. എന്നാൽ വ്യക്തമായി വളരെ "എടുത്തു കാണപ്പെടാത്ത" നന്ദിയില്ലായ്മ, അഹങ്കാരം, അസൂയ എന്നിവയും ദൈവദൃഷ്ടിയിൽ പാപങ്ങൾ തന്നെയാണ്, ഇവ നമ്മെ അവനിൽ നിന്നും അകറ്റി നിർത്തും.

**2. അവർ ക്ലേശിച്ചു –** അവരുടെ പാപങ്ങൾക്കുമേലുള്ള ദൈവത്തിന്റെ ന്യായവിധി വളരെ പെട്ടെന്നായിരുന്നു *(വാക്യം 6 കാണുക).* പാപത്തിന് യാതൊരു "ശിക്ഷയുമില്ല" എന്നു കരുതി ഇന്ന് അനേകർ കബളിപ്പിക്കപ്പെടുന്നു. അതുകൊണ്ട് അവരുടെ തെറ്റായ ചെയ്തികൾ അവർ തുടരുന്നു. ബൈബിൾ ഇതിന് വിപരീതമായിട്ടാണ് പഠിപ്പിക്കുന്നത്; *സഭാപ്രസംഗി 8:11, റോമർ 6:23* എന്നിവ വായിക്കുക.


ദൈവത്തിന്റെ പ്രമാണങ്ങളെ ലംഘിക്കുന്നത് ഒരുതരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിലുള്ള ക്ലേശത്തിലേക്ക് നയിക്കുന്നു. ചിലപ്പോൾ ഇതിന്റെ "ശമ്പളം" ഈ ജീവിതത്തിൽ തന്നെ തന്നു തീർക്കുന്നു, ചിലപ്പോൾ ഈ ജീവിതത്തിന് ശേഷമായിരിക്കണം നൽകുന്നത്. നമ്മുടെ സകല പാപങ്ങളുടേയും പൂർണ്ണമായ ക്ഷമയ്ക്ക് രക്ഷകനായ യേശുകർത്താവിങ്കലേക്ക് വന്ന് നമ്മുടെ ആശ്രയം അവനിൽ വെയ്ക്കേണ്ടത് എത്രയോ പ്രാധാന്യമുള്ള കാര്യമാണ്!

3. **അവർ അനുതപിച്ചു** - അവർ മോശയോട് പറഞ്ഞത് *7-ാം വാക്യത്തിൽ* വായിച്ചശേഷം അവരുടെ മനോഭാവത്തിന് ഉണ്ടായ പൂർണ്ണമായ മാറ്റം ഒന്നു ശ്രദ്ധിക്കുക (ഇപ്രകാരം പൂർണ്ണമായുള്ള തിരിയലിനെ ബൈബിളിന്റെ വാക്കിൽ മാനസാന്തരം എന്നു പറയുന്നു). അവർ പറഞ്ഞ അസത്യമായ കാര്യങ്ങളെ ഓർത്ത് അവർക്ക് യഥാർത്ഥമായും അനുതാപം ഉണ്ടായി. അപ്രകാരം അവർ ആത്മാർത്ഥമായി ദൈവത്തിന്റെ കരുണയ്ക്കായി അപേക്ഷിച്ചു.

നമ്മോടുള്ള ബന്ധത്തിലും ഇത് വളരെ പ്രധാനപ്പെട്ടതാണ്. നാം രക്ഷ സ്വീകരിക്കണമെന്നുണ്ടെങ്കിൽ നാം യഥാർത്ഥമായും നമ്മുടെ പാപങ്ങളെക്കുറിച്ച് അനുതപിക്കുകയും അവയെ ദൈവത്തോട് ഏറ്റു പറയുകയും, അവയോട് എല്ലാം അവസാനിപ്പിക്കണമെന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുകയും ചെയ്യണം. *1 യോഹന്നാൻ 1:9 ഉം സങ്കീർത്തനം 51:1- 4* വായിക്കുക.

4. **അവർ രക്ഷ പ്രാപിച്ചു** – മാരകമായ വിഷം ഉള്ളിൽ പ്രവർത്തിച്ചിരുന്നവർക്കുപോലും ദൈവത്തിന്റെ അളവറ്റ ശക്തി ജീവൻ നൽകുവാൻ തക്ക വണ്ണം ലഭ്യമായിരുന്നു. അവർ ദൈവത്തിന്റെ വാക്ക് മാത്രം കേട്ടുകൊണ്ട്, ഉയർത്തപ്പെട്ട താമ്ര സർപ്പത്തെ നോക്കിയിരുന്നെങ്കിൽ അവർ ചെയ്ത തെറ്റിന്റെ പരിണിത ഫലത്തിൽ നിന്നും അവർ "രക്ഷ പ്രാപിക്കുമായിരുന്നു" അന്ന് അനേകരും "നോക്കുകയും, ജീവൻ പ്രാപിക്കുകയും" ചെയ്തു എന്നത് നന്ദിയോടെ ഓർക്കേണ്ടുന്ന കാര്യമാണ് *(9-ാം വാക്യം* കാണുക).

നമുക്ക് എന്ത് സംഭവിക്കും എന്നതിനുള്ള വളരെ വ്യക്തമായ ഒരു ഉദാഹരണമാണ് ഇത്. താക്കോൽവാക്യത്തിൽ കർത്താവ് എന്താണ് പറഞ്ഞിരിക്കുന്നത് എന്ന് വായിക്കുക. താൻ *"മനുഷ്യപുത്രൻ"* എന്നു വിശേഷിപ്പിച്ചിരിക്കുന്നത് തന്നെക്കുറിച്ച് തന്നെയാണ്. താൻ ക്രൂശിൽ "ഉയിർത്തപ്പെടുകയും" അവന്റെ മരണത്തിലൂടെ അവനിൽ വിശ്വസിക്കുന്ന എല്ലാവർക്കും നിത്യജീവനെ ലഭ്യമാക്കുകയും ചെയ്യും.



യിസ്രായേലിനെ സംബന്ധിച്ച് മരുഭൂമിയിൽ പാപം മുഖാന്തിരമുള്ള മരണം അനുഭവിക്കുകയോ ദൈവത്തിന്റെ വഴി സ്വീകരിച്ചുകൊണ്ട് ജീവനെ കണ്ടെത്തുകയോ എന്നതായിരുന്നു അവർക്ക് മുമ്പിലുണ്ടായിരുന്നത്. നമ്മോടുള്ള ബന്ധത്തിലുമുള്ള സാദ്ധ്യതകൾ ഇതിലും വിശേഷതയുള്ളതാണ്. ഒന്നുകിൽ നിത്യജീവൻ അല്ലെങ്കിൽ നിത്യമരണം *(യോഹന്നാൻ 3:36 വായിക്കുക).*

**1** A. ***സംഖ്യാപുസ്തകം*** *21:5* വീണ്ടും വായിക്കുക. യിസ്രായേല്യർക്ക് ദൈവം നൽകിയ വിശേഷപ്പെട്ട അപ്പത്തേയോ ഭക്ഷണത്തെക്കുറിച്ചോ ആണ് ഈ വാക്യം പറഞ്ഞിരിക്കുന്നത്. ***പുറപ്പാട്*** *16:14, 15, 31* എന്നിവ കൂടി വായിച്ചശേഷം ഈ ഭക്ഷണത്തിന്റെ പേരും അതിനെക്കുറിച്ചുള്ള വിവരണവും ഓരോ വാക്യങ്ങളിൽ എഴുതുക.

..........................................................................................................

..........................................................................................................

B. ***സംഖ്യാപുസ്തകം*** *21:5* ൽ നിന്നും, യിസ്രായേല്യർ പറഞ്ഞ ഒരു അസത്യം എടുത്തെഴുതുക.

..........................................................................................................

.......................................................................................................... | 4

**2** കടിയേൽക്കപ്പെട്ടവർ മരിക്കാതെയിരിക്കുന്നതിന് മോശയോട് എന്തു ചെയ്യാനാണ് ദൈവം കല്പന കൊടുത്തത്?

.......................................................................................................... | 2

**3** ഇന്ന് എന്തിനാണ് ആളുകൾ രക്ഷ പ്രാപിക്കേണ്ടത്? ചില ബൈബിൾ വാക്യങ്ങൾ ഉദ്ധരിച്ചുകൊണ്ട് നിങ്ങളുടെ ഉത്തരങ്ങൾ പിൻതാങ്ങുക

..........................................................................................................

.......................................................................................................... | 4

**4** ***യോഹന്നാൻ*** *3:36* അല്ലെങ്കിൽ ***റോമർ*** *6:23* എടുത്തെഴുതുക.

..........................................................................................................

.......................................................................................................... | 2

**5** "പാപം ക്ലേശത്തിലേക്ക് നയിക്കുന്നു"

a. ***ഗലാത്യർ*** *6:7* എടുത്തെഴുതുക

..........................................................................................................

..........................................................................................................

b. ഇന്നത്തെ കുടുംബജീവിതത്തിൽ നിന്നും ഈ പൊതുവായ തത്വത്തിന്റെ ഒരു കാതലായ ഉദാഹരണം എഴുതുക.

..........................................................................................................

..........................................................................................................

.......................................................................................................... | 5

**6** യേശുകർത്താവ് സ്വർഗ്ഗത്തിലേക്ക് മടങ്ങിപ്പോകുന്നതിന് തൊട്ടുമുമ്പ് പറഞ്ഞ കാര്യങ്ങൾ ***ലൂക്കോസ്*** *24:46 – 47* വാക്യങ്ങളിൽ നിങ്ങൾക്ക് കാണുവാൻ കഴിയും. ഈ വാക്യങ്ങൾ വായിച്ചശേഷം ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

a. അവർ പറഞ്ഞ ഏത് രണ്ട് കാര്യങ്ങളാണ് പ്രസംഗിക്കപ്പെടേണ്ടത്? ..................................

b. ആരുടെ നാമത്തിലാണ് പ്രസംഗം ചെയ്യേണ്ടിയിരുന്നത്? ..................................

c. ആരോടാണ് ഈ സന്ദേശം പ്രസംഗിക്കേണ്ടിയിരുന്നത്? ..................................

d. പ്രസംഗം എവിടെയായിരുന്നു തുടങ്ങേണ്ടിയിരുന്നത്? .................................. | 4

**7** ***യോഹന്നാൻ*** *3:14 – 15* വായിച്ചതിനുശേഷം ***സംഖ്യാപുസ്തകം*** *21-* ലെ കഥ നമുക്ക് ഇന്ന് നിത്യജീവൻ ലഭ്യമാക്കുന്നതിനോടുള്ള ബന്ധത്തിൽ എപ്രകാരമാണ് ഉദാഹരണമായിരുന്നതെന്ന് വിവരിക്കുക.

..........................................................................................................

..........................................................................................................

.......................................................................................................... | 4

| 100

യൂണിറ്റിന്റെ ആകെ മാർക്ക്

Return your study sheets to:

| 25

ആകെ മാർക്ക്


© Bible Educational Services, P.O Box - 9, MOOKKANNUR P.O., 683577, Ernakulam, KERALA ,E-mail : besindia1@gmail.com, www.besweb.com